പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 3508

23.06.2014-ൽ മറുപടിക്ക്.

## ജനമൈത്രി പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ജനമൈത്രി പോലീസ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ടെന്ന് വിശദമാക്കാമോ; | : (എ) സംസ്ഥാനത്ത് ഇപ്പോൾ 248 ജനമൈത്രി പോലീസ് സ്റ്റേഷനുകളാണുള്ളത്. |
| (ബി) പ്രസ്തുത സംവിധാനത്തിന്റെ ഇതുവരെയുള്ള പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;<br><br>(സി) എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ബിയും, സിയും) വിവിധ വർക്ക് ഷോപ്പുകൾ, സെമിനാറുകൾ, പരിശീലനം എന്നിവയിലൂടെ സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കുറ്റകൃത്യങ്ങൾ, ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ, ബ്ലേഡ് മാഫിയ പ്രവർത്തനങ്ങൾ, സ്കൂൾ പരിസരത്തുള്ള മയക്കുമരുന്ന് വിൽപ്പന തുടങ്ങി വിവിധ കുറ്റകൃത്യങ്ങൾ തടയുന്നതിനായിട്ടുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും, കൂടാതെ, അതാത് ജില്ലാ പോലീസ് മേധാവികളുടെ മേൽനോട്ടത്തിൽ പോലീസ് ഉദ്യോഗസ്ഥർ ബീറ്റ് സന്ദർശനം, ഗൃഹ സന്ദർശനം എന്നിവ നടത്തി പരിഷ്ക്കരിച്ച പ്രൊഫോർമയിൽ റിപ്പോർട്ട് തയ്യാറാക്കി നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ